# SCTIMST designated as ICMR Collaborating Centre of Excellence

# ബയോ ബാങ്ക്: ശ്രീചിത്രയും ഐസിഎംആറും യോജിച്ചു പ്രവർത്തിക്കും

malayala manorama
23 Nov 23

തിരുവനന്തപുരം ● ഹൃദയ ക്ഷീണ (ഹാർട്ട് ഫെയ്‌ലിയർ) ചികിത്സാമേഖലയിൽ രാജ്യത്തെ ഏക ബയോ ബാങ്ക് പ്രവർത്തിക്കുന്ന ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയെ 'കൊളാബറേറ്റിങ് സെന്റർ ഓഫ് എക്സലൻസാ'യി ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച് (ഐസിഎംആർ) തിരഞ്ഞെടുത്തു. ബയോ ബാങ്ക് മേഖലയിൽ ഇരുസ്ഥാപനങ്ങളും യോജിച്ചു പ്രവർത്തിക്കും. ഗവേഷണ കാര്യങ്ങളിലും പങ്കാളിത്തം ഉണ്ടാകും.

2019ലാണു ശ്രീചിത്രയിൽ ബയോ ബാങ്ക് ആരംഭിച്ചത്. ഇതിനകം 3000 സാംപിളുകൾ ശേഖരിച്ചു. ഹാർട്ട് ഫെയ്‌ലിയർ സംഭവിച്ചവരെ ചികിത്സിക്കുമ്പോഴും ശസ്ത്രക്രിയയ്ക്കു വിധേയമാക്കുമ്പോഴും ലഭിക്കുന്ന സാംപിളുകളാണ് എടുക്കുന്നത്. ഇവ മികച്ച രീതിയിൽ സൂക്ഷിക്കുകയും ആവശ്യമായവ ഗവേഷണത്തിന് ഉപയോഗിക്കുകയും ചെയ്യും. ഹൃദയ ഭിത്തിക്കു കനം കൂടുന്നതിനെപ്പറ്റി ഇപ്പോൾ നടക്കുന്ന ഗവേഷണത്തിന് സാംപിളുകൾ നൽകുന്നുണ്ടെന്നു ബയോ ബാങ്കിന്റെ ചുമതലയുള്ള കാർഡിയോളജി വിഭാഗം തലവൻ ഡോ.എസ്.ഹരികൃഷ്ണൻ പറഞ്ഞു. രോഗികളുടെ അനുമതിയോടെയാണ് സാംപിളുകൾ എടുക്കുന്നത്. രോഗാവസ്ഥ കണ്ടെത്താനുള്ള ബിഎൻപി ടെസ്റ്റ് മെഷീൻ വികസിപ്പിക്കുന്ന ജോലികളും അന്തിമഘട്ടത്തിലാണ്. നിലവിൽ 2500 രൂപ വിപണിവിലയുള്ള മെഷീൻ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാനാണു പുതിയ മോഡൽ വികസിപ്പിക്കുന്നത്.

# SCTIMST picked as ICMR centre of excellence

**The Hindu Bureau**
THIRUVANANTHAPURAM

The Indian Council of Medical Research (ICMR) has designated the Sree Chitra Tirunal Institute for Medical Sciences and Technology (SCTIMST) as one of ICMR's 25 Collaborating Centre of Excellence in recognition of the commendable achievements in Biomedical research. The plaque was presented by Rajiv Bahl, Director General, ICMR, to S. Harikrishnan, Professor and Head of Cardiology, SCTIMST.